# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 757 28.09.2011-ൽ മറുപടിയ്ക്ക്

## തടയണ നിർമ്മിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ: | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിൽ ചീരക്കുഴി പഴയപാലത്തോടനുബന്ധിച്ച് തടയണ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ 2010 SOR അനുസരിച്ചുള്ള 1 കോടി 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ഇതു സംബന്ധിച്ച പദ്ധതി നിർദ്ദേശം എപ്പോഴാണ് സർക്കാരിന് സമർപ്പി ച്ചതെന്നും ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്നും പറയാമോ; | (സി) | 1.50 കോടി രൂപയുടെ എസ്റ്റിമേറ്റും അനുബന്ധരേഖകളും 09.02.2011 ൽ സർക്കാരിന് ലഭിച്ചു. 17.05.2011 ലെ സർക്കാർ കത്തുപ്രകാരം ഈ പദ്ധതി പ്രൊപ്പോസൽ അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി. അതിൻപ്രകാരം പദ്ധതി - II ചീഫ് എഞ്ചിനീയർ സമർപ്പിച്ച 1.70 കോടി രൂപയുടെ 10.08.11 ൽ ലഭിച്ച പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയുടെ ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസ ത്തിനു കാരണം വെളിപ്പെ ടുത്തുമോ; | (ഡി) | വർക്കിംഗ് ഗ്രൂപ്പിലേക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറിൽ നിന്ന് ലഭിക്കാൻ കാലതാമസം നേരിട്ടതാണ് കാരണം |
| (ഇ) | കുടിവെള്ളത്തിനും ജലസേച നത്തിനും വളരെ പ്രയോജന കരമായ ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി സമയ ബന്ധിതമായി പൂർത്തിയാ ക്കുവാൻ നടപടികൾ സ്വീകരി ക്കുമോ? | (ഇ) | വർക്കിംഗ് ഗ്രൂപ്പു കൂടി പരിശോധിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്. |

Jancy P.S

സെക്ഷൻ ഓഫീസർ